LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

ഏഴാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

1986 നവംബർ 6, വ്യാഴം

നിയമസഭ 1986 നവംബർ 6-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

വ്യാജ സിമൻറ്

* 235 [256] ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള :
,, ഒ. രേതൻ :
,, എം. ജിനദേവൻ :
,, വർക്കല രാധാകൃഷ്ണൻ :
,, പി. വി. കുഞ്ഞിക്കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ വ്യാപകമായി നടക്കുന്ന വ്യാജ സിമൻറ് നിർമ്മാണത്തെക്കുറിച്ച് എന്തെങ്കിലും ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇടമലയാർ ഡാമിന്റെ ടണലിൽ ഉണ്ടായ വിള്ളലിനു കാരണം ഇത്തരം വ്യാജ സിമൻറാണെന്ന വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) വ്യാജ സിമൻറ് നിർമ്മാണം തടയാനാവശ്യമായ എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) :

(എ) ചില പത്രറിപ്പോർട്ടുകൾ വഴിയും എറണാകുളം റൂറൽ ജില്ലാ പോലീസ് സൂപ്രണ്ടിനു ലഭിച്ച ഊമക്കത്ത് വഴിയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ല. എന്നാൽ ഇടമലയാർ ഡാമിന്റെ ടണലിനുണ്ടായ വിള്ളലിന്റെ കാരണമന്വേഷിക്കാൻ നിയുക്തമായ കമ്മീഷൻ ഇക്കാര്യവും പരിശോധിക്കുന്നുണ്ട്.

(സി) വ്യാജ സിമന്റ് നിർമ്മാണം തടയുന്നതിനുവേണ്ടി നിയമ നിർമ്മാണം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള : ഈ വ്യാജ നിർമ്മിതമായ സിമന്റ് ഉപയോഗിച്ച് ഏതെങ്കിലും ജലവൈദ്യുത പദ്ധതിയുടെ പണി നടത്തിയിട്ടുണ്ടോ ? ഇതിനെ സംബന്ധിച്ച് ഗവൺമെന്റ് വല്ല പരിശോധനയും നടത്തിയിട്ടുണ്ടോ ? ഉണ്ടെങ്കിൽ ഏതെല്ലാം പദ്ധതികളുടെ പണിക്കാണ് ഈ സിമന്റ് വിനിയോഗിച്ചതെന്ന് പറയാമോ ?

ശ്രീ. ഇ. അഹമ്മദ് : പത്ര റിപ്പോർട്ടുകളിൽ വന്നതുപ്രകാരം ഈ ചോദ്യത്തിന് ഉത്തരം ബി പാർട്ടിൽ പറഞ്ഞു. അതിനെ സംബന്ധിച്ചാണ് ആ കമ്മീഷൻ തന്നെ എൻക്വയറി നടത്തുന്നതെന്ന് ഞാൻ പറഞ്ഞത്.

ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള : കഴിഞ്ഞ കുറെ നാളുകളായി മലപ്പുറം ജില്ല കേന്ദ്രീകരിച്ച് വ്യാജസിമന്റ് നിർമ്മാണവും അതുപോലെ തന്നെ സിമന്റ് കള്ളക്കടത്തും നടത്തികൊണ്ടിരുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതുമായി ബന്ധപ്പെട്ടിട്ടുള്ള എഞ്ചിനീയർമാർ ആരൊക്കെയാണ് ; അവരുടെ മേൽ എന്തെല്ലാം നിയമ നടപടികൾ കൈക്കൊണ്ടു എന്ന് വ്യക്തമാക്കാമോ ?

ശ്രീ. ഇ. അഹമ്മദ് : വ്യാജസിമന്റ് ഉൽപ്പാദനം സംബന്ധിച്ച് മലപ്പുറം ജില്ലയിലും അങ്കമാലിക്കടുത്തുള്ള കാലടിയെ സംബന്ധിച്ചുമാണ് റിപ്പോർട്ട് കിട്ടിയിട്ടുള്ളതും പരിശോധനകൾ നടത്തിയിട്ടുള്ളതും. അത് സംബന്ധിച്ചുള്ള അന്വേഷണങ്ങൾ നടത്തിയെങ്കിലും വ്യാജസിമന്റ് നിർമ്മിച്ചത് കണ്ടെടുക്കാൻ സാധിച്ചിട്ടില്ല.

ശ്രീ. ഒ. രേതൻ : ഇടുക്കി ജലവൈദ്യുത പദ്ധതിയുടെ 3-ാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങളിൽ വ്യാജസിമന്റ് ഉപയോഗിക്കപ്പെട്ടതായി പരാതിയോ റിപ്പോർട്ടോ സർക്കാരിന് ലഭിച്ചിട്ടുണ്ടോ ?

ശ്രീ. ഇ. അഹമ്മദ് : ഇതുവരെ ഡിപ്പാർട്ടുമെന്റിന് അങ്ങനെ പരാതിയോ റിപ്പോർട്ടോ കിട്ടിയതായി ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അക്കാര്യം പരിശോധിക്കാൻ ഏർപ്പാട് ചെയ്യാം.

ശ്രീ. ഒ. രേതൻ : ഇതു സംബന്ധിച്ച് റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുള്ള പത്രത്തിൽ ഏതാണ്ട് എല്ലാ ആളുകൾക്കും മനസ്സിലാകത്തക്ക വിധം ചില വ്യക്തികളുടെ രൂപം വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. അങ്ങനെ ഇത്തരം ആളുകളെ സംബന്ധിച്ച് വല്ല പ്രത്യേക അന്വേഷണവും ഗവൺമെന്റ് നടത്തിയിട്ടുണ്ടോ ?

ശ്രീ. ഇ. അഹമ്മദ് : ബഹുമാനപ്പെട്ട മെമ്പർ ഒരു പ്രത്യേക ചോദ്യമായി എഴുതി തന്നാൽ അതിനുള്ള മറുപടി ഞാൻ വിശദമായി പറയാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. ജിനദേവൻ : വ്യാജസിമൻറ് 'ഇടമലയാറിലും' എന്ന തലക്കെട്ടിൽ വ്യാജസിമൻറ് നിർമ്മാണത്തെക്കുറിച്ച് ഇക്കഴിഞ്ഞ സെപ്റ്റംബർ മാസം 26-ാം തീയതിയിലെ മലയാള മനോരമ ദിനപ്പത്രത്തിൽ വളരെ വിശദമായി റിപ്പോർട്ട് വന്നിട്ടുള്ളത് ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? ഉണ്ടെങ്കിൽ അതിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ?

ശ്രീ. ഇ. അഹമ്മദ് : ഈ അന്വേഷണക്കമ്മീഷൻ ഇക്കാര്യം കൂടി അന്വേഷണം നടത്തുന്നുണ്ട്. അതുകൊണ്ട് ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം ആ റിപ്പോർട്ട് വന്നതിനുശേഷം മാത്രമേ എന്തെങ്കിലും ചെയ്യാൻ സാദ്ധ്യമാകൂ.

ശ്രീ. എം. ജിനദേവൻ : നല്ല സിമൻറിൽ കൽപ്പൊടിയും അതുപോലെ തന്നെ തമിഴ്നാട്ടിൽനിന്നും കൊണ്ടുവരുന്ന ചാരനിറത്തിലുള്ള മൺപൊടിയും ചേർത്താണ് ഈ കൃത്രിമ സിമൻറ് ഉണ്ടാക്കുന്നതെന്നും നല്ല സിമൻറിന്റെ എഞ്ചിനീയറുമാരായി സംസ്ഥാനത്തുടനീളം പ്രവർത്തിക്കുന്നുണ്ടെന്നുമുള്ള കാര്യം പത്ര റിപ്പോർട്ടിലുണ്ട്. ഇത്രയും വിശദമായ ഒരു റിപ്പോർട്ട് മലയാള മനോരമ പോലുള്ള ഒരു പത്രത്തിൽ ഇപ്പോഴും, 26-ാം തീയതി മാത്രമല്ല, അതിനുമുൻപും വന്നിട്ടുണ്ട്. അങ്ങനെ റിപ്പോർട്ടു വന്നുകഴിഞ്ഞാൽ അതിൻമേൽ ഗൗരവപൂർവ്വം അന്വേഷണം ഏർപ്പെടുത്തുകയും അത് കണ്ടുപിടിക്കുകയും ഒക്കെ വേണം. അതുപോലെ തന്നെ അങ്കമാലിക്കടുത്ത് ഡിസ്-ഇൻറഗ്രേറ്റർ എന്നു പറയുന്ന കല്ലു പൊടിച്ച് തരിയാക്കാൻ കഴിയുന്ന ഒരു യന്ത്രം പ്രവർത്തിക്കുന്നതായുമൊക്കെ ആ റിപ്പോർട്ടിലുണ്ട്. അങ്ങനെയൊരു റിപ്പോർട്ട് വന്നിട്ട് ഗവൺമെൻറ് എന്തുകൊണ്ട് അതിനെക്കുറിച്ച് ഒരു അന്വേഷണം നടത്തിയില്ല ?

ശ്രീ. ഇ. അഹമ്മദ് : ഞാൻ അന്വേഷണം നടത്തിയില്ലെന്ന് പറഞ്ഞിട്ടില്ല. അന്വേഷണം നടത്തിയിട്ടുണ്ട്. അതാണ് ഞാൻ പറഞ്ഞത്..... മൂന്നു സെറ്റായിട്ടാണ് അന്വേഷണം നടത്തിയത് ഒന്നാമത് മറ്റൂർ വില്ലേജിൽ അങ്കമാലി കാലടി പോലീസ് സ്റ്റേഷനതിർത്തിയിൽ ഒരു കെ. സി. കുഞ്ഞ്, കോലഞ്ചേരിഹൗസ്, മറ്റൂർ, കാലടി എന്നാണ്. കോലഞ്ചേരി കുഞ്ഞുവറീതിന്റെ മകൻ കുഞ്ഞു എന്നറിയപ്പെടുന്ന ആൾ. മേലടിക്കാരൻ അസ്സീ., വോക്കൻ മോഹനൻ. ഇവരുടെ വ്യാപാരകേന്ദ്രമായ ശിവജിപുരം റോഡിൽനിന്ന് ഒരു കിലോമീറ്റർ കിഴക്കുമാറിയുള്ള ഒരു ഷെഡ് ആണ്, ഇതുസംബന്ധിച്ച് ഗവൺമെൻറ് റെയിഡ് ചെയ്യുകയുണ്ടായി. ഈ റെയിഡുകളിലൊന്നും തന്നെ ഈ പറയുന്ന സാധനങ്ങൾ മുഴുവൻ ഉപയോഗിച്ച് വ്യാജസിമൻറ് നിർമ്മിച്ചതായി കണ്ടെത്താൻ സാധിച്ചില്ല. അതുപോലെ തന്നെ മഞ്ഞപ്ര സ്വദേശികളായ കുരിയാച്ചനും ആൻറണിയും മരോട്ടിക്കോട് പുതിയക്കര റോഡിൽ ശങ്കരാകോളേജ് ഒന്നര കിലോമീറ്റർ കിഴക്കുഭാഗത്ത് പള്ളിയുടെ തെക്കു ഭാഗത്തുള്ള ഷെഡ്ഡുകളെ സംബന്ധിച്ച് റിപ്പോർട്ടുകൾ കിട്ടി. അവിടെയും പോലീസ് റെയ്ഡ് ചെയ്യുകയുണ്ടായി. മൂന്നാമത്തേത് ഫിലിപ്പോസ് എന്ന ഒരാളുടെ മരോട്ടിച്ചോട് ജംഗ്ഷനു പടിഞ്ഞാറുള്ള പള്ളിശ്ശേരി പൗലോസിന്റെ റൈസ് മില്ലിൽ നിന്ന്. അവിടെ റെയ്ഡ് ചെയ്യുകയുണ്ടായി. പിന്നെ 26-9-1986-ലും 27-9-1986-ലും കോലഞ്ചേരി കുഞ്ഞു വറീതിന്റെ മകൻ ഷെഡ്ഡ് തന്നെ റൈസ് മില്ലായി ഉപയോഗിച്ചതും. എല്ലാം റെയ്ഡ് ചെയ്യുകയുണ്ടായി. എല്ലാ റെയ്ഡുകളിലും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലുള്ള ചെറിയ പൊടിത്തരങ്ങൾ കണ്ടത് അല്ലാതെ വ്യാജസിമൻറ് നിർമ്മി

LIBRARY ARCHIVES Kerala Legislative Assembly

ക്കുതായോ അല്ലെങ്കിൽ ഒരു കേസ് എടുക്കാൻ പറ്റിയ രീതിയിലുള്ള യാതൊരു ഹാർഡ് എവിഡൻസും ഇതു സംബന്ധിച്ച് കിട്ടിയിട്ടില്ല. ഇപ്പോഴും റെയിഡുകളും അന്വേഷണവും തുടർന്ന് നടത്തുന്നുണ്ട്.

ശ്രീ. വർക്കല രാധാകൃഷ്ണൻ : ഈ വ്യാജനിർമ്മിതമായ വസ്തുക്കൾ നശിപ്പിക്കാൻ എന്താണ് സ്റ്റാൻഡേർഡ്? ഇവിടെ ഫുഡ് അഡൽറ്ററേഷൻ നിയന്ത്രിക്കാൻ ഫുഡ് അഡൽറ്ററേഷൻ ആക്ടുണ്ട്. ഈ വ്യാജ സിമൻറിന്റെ സ്റ്റാൻഡേർഡ് നിശ്ചയിച്ചിട്ടുണ്ടോ ? ഏതെങ്കിലും നിയമപ്രാബല്യം ഇതിന് നൽകിയിട്ടുണ്ടോ ? ഇതു സംബന്ധമായി ഒരാളെ പ്രോസിക്യൂട്ട് ചെയ്യാൻ, അല്ലെങ്കിൽ വല്ല ആക്ഷനും എടുക്കാൻ അതിനുള്ള നിയമപ്രാബല്യമുള്ള എന്തെങ്കിലും നടപടി എടുക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. ഇ. അഹമ്മദ് : ഞാൻ അത് ഇവിടെ (സി) ചോദ്യത്തിന് മറുപടിയായി പറഞ്ഞു. ഇങ്ങനെയുള്ള വ്യാജനിർമ്മിത സിമൻറുകാരെ കണ്ടുപിടിക്കുന്നതിനും അവരെ ശിക്ഷിക്കുവാനുള്ള നടപടികൾക്കുമായി ഗവൺമെൻറ് ഡ്രാഫ്റ്റ് തയ്യാറാക്കി കേന്ദ്രഗവൺമെൻറിന്റെ അനുമതിക്കു വേണ്ടി അയയ്ക്കുകയാണ്. അത് കിട്ടിയാൽ ഉടനടി ഈ സഭയിൽ അത് അവതരിപ്പിക്കുന്നതാണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ : അപ്പോഴും അങ്ങനെയാണെങ്കിൽ ഇതിന്റെ സ്റ്റാൻഡേർഡ് ഫിക്സ് ചെയ്യേണ്ടേ ? ജെനുവിൻ സിമൻറിന്റെ സ്റ്റാൻഡേർഡ് എന്ത് വ്യാജനിർമ്മിത സിമൻറിന്റെ ഡ്യൂപ്ലിക്കേറ്റ് എന്ത് എന്നൊക്കെ നിശ്ചയിക്കുന്നതിനുള്ള ഉദ്യോഗസ്ഥനെ ആരാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് ?

ശ്രീ. ഇ. അഹമ്മദ് : ഡയറക്ടർ ഓഫ് ഇൻഡസ്ട്രീസ് ആൻറ് കോമേഴ്സ് ആണ് ഈ സിമൻറിന്റെ കാര്യം സംബന്ധിച്ചുള്ള എല്ലാ നിയന്ത്രണങ്ങളും ചെയ്യുന്നത്.

ശ്രീ. എസ്. ഗ്യോവിന്ദക്കുറുപ്പ് : വ്യാജസിമൻറ് നിർമ്മിക്കുന്ന കേന്ദ്രങ്ങളിൽ റെയ്ഡ് നടത്തുമെന്നുള്ള വിവരം ആ കേന്ദ്രങ്ങളിൽ മുൻകൂട്ടി അറിവ് കൊടുക്കുന്നതുകൊണ്ട് അല്ലേ യാതൊന്നും പിടിച്ചെടുക്കാൻ കഴിയാതിരിക്കുന്നത് ?

ശ്രീ. ഇ. അഹമ്മദ് : അത് ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായമാണ്.

ശ്രീ. ആർ. എസ്. ഉണ്ണി : ഇന്ന് ഏത് മായംചേർക്കലും തടയുന്നതിന് നടപടിയെടുക്കാൻ നിയമമുണ്ട്. എന്നിരിക്കെ ഇനിയും ഇക്കാര്യത്തിൽ ഒരു നിയമനിർമ്മാണം നടത്തി കുറെക്കാരെ കണ്ടുപിടിക്കാനുള്ള ഗവൺമെൻറിന്റെ ശ്രമം കൊക്കിന്റെ തലയിൽ വെണ്ണവച്ച് ഉരുക്കി കണ്ണിലിറക്കി കൊക്കിനെ പിടിക്കാൻ ശ്രമിക്കുന്നതിന് സമമല്ലേ ?

ശ്രീ. ഇ. അഹമ്മദ് : ഇന്ന് നിലവിലുള്ള നിയമപ്രകാരം അവരെ ശിക്ഷിക്കാൻ പാടില്ലെന്ന് ഞാൻ പറഞ്ഞില്ല. വ്യാജ സിമൻറിനെ സംബന്ധിച്ച് മദ്ധ്യപ്രദേശ് ഗവൺമെൻറ് ഉണ്ടാക്കിയ നിയമം മറ്റു സംസ്ഥാനങ്ങളിൽ നടപ്പിലാക്കുന്നതിനെപ്പറ്റി പരിശോധിക്കണമെന്ന് ഇൻഡ്യാ ഗവൺമെൻറ് പറഞ്ഞു. ഉടൻതന്നെ ആ നിയമം വരുത്തുകയും അതിനെ സംബന്ധിച്ച് ഡ്രാഫ്റ്റ് തയ്യാറാക്കുകയും ആ ഡ്രാഫ്റ്റ് ക്യാബിനറ്റ്

LIBRARY ARCHIVES Kerala Legislative Assembly

അംഗീകരിക്കുകയും ഇൻഡ്യാ ഗവൺമെൻറിന്റെ അനുമതിക്കുവേണ്ടി അയയ്ക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തിരിക്കുകയുമാണെന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. കെ. ചന്ദ്രശേഖരൻ : ഇന്നത്തെ ഇൻഡ്യൻ ശിക്ഷാനിയമം അനുസരിച്ച് ഫ്രാഡ് (തട്ടിപ്പ്) ചീറ്റിംഗ് (ചതിവ്) എന്നുള്ള വകുപ്പുകളെല്ലാം ഉപയോഗിച്ചുകൊണ്ട് യാതൊരു നടപടിയും ഈ പറഞ്ഞ ആളുകളുടെ പേരിൽ എടുക്കാൻ ഗവൺമെൻറ് നടപടി സ്വീകരിക്കാതിരിക്കെ വളരെ ലാഘവ ബുദ്ധിയോടുകൂടിയാണ് ഇക്കാര്യത്തെ ഗവൺമെൻറ് സമീപിക്കുന്നത് എന്ന് ഗവൺമെൻറ് മനസ്സിലാക്കിയിട്ടുണ്ടോ ?

ശ്രീ. ഇ. അഹമ്മദ് : ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയല്ല. ഗവൺമെൻറ് അക്കാര്യം വളരെ ഗൗരവപരമായി എടുത്തുകൊണ്ടാണ് റെയ്ഡുകളെല്ലാം നടന്നത്. അത് മാത്രമല്ല ഇവരെ പിടിച്ചുകിട്ടുകയാണെങ്കിൽ നിയമം ഇല്ലാത്തതുകൊണ്ട് മാത്രം അവർ രക്ഷപ്പെടാൻ പോകുന്നില്ല. കാരണം ഈ സിമൻറിനെ സംബന്ധിച്ചുള്ള ഇൻഡ്യൻ സ്റ്റാൻഡേർഡൈസേഷൻ സ്കീം അനുസരിച്ച് വ്യത്യാസം വരുകയാണെങ്കിൽ അതിന്റെ പേരിൽ നടപടി എടുക്കും. ഇത് പരിശോധിക്കുന്നതിന് ലബോറട്ടറികളുണ്ട്. ഇങ്ങനെയുള്ള ആക്ഷേപങ്ങൾ കിട്ടിയതിനെ സംബന്ധിച്ച് പല ഡിപ്പാർട്ടുമെൻറുകളും വഴി ലബോറട്ടറികളിൽ പരിശോധനയ്ക്ക് അയച്ചുകൊടുക്കുന്നുണ്ട്.

സാമൂഹ്യ വനവൽക്കരണ പദ്ധതിയിലെ ക്രമക്കേടുകൾ

* 236 [257] ശ്രീ. സി. ടി. കൃഷ്ണൻ :
,, കെ. മൂസ്സക്കുട്ടി :
,, ടി. കെ. അബ്ദു :
,, വർക്കല രാധാകൃഷ്ണൻ :
,, വി. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യ വനവൽക്കരണ പദ്ധതിയനുസരിച്ച് തൈകൾ ഉൽപ്പാദിപ്പിക്കുന്നതിലും വിതരണം ചെയ്യുന്നതിലും ക്രമക്കേടുകൾ നടന്നതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയനുസരിച്ച് വ്യക്തികൾക്ക് എത്ര തൈകൾ വരെ നൽകാമെന്നാണ് വ്യവസ്ഥ ;

(സി) ഇതിന് വിരുദ്ധമായിട്ട് സംസ്ഥാനത്ത് ആർക്കെങ്കിലും തൈകൾ വിതരണം ചെയ്തിട്ടുണ്ടോ ;

(ഡി) വിതരണം ചെയ്യുന്ന തൈകൾ നട്ടിട്ടുണ്ടോ എന്ന് അന്വേഷിക്കാൻ സാമൂഹ്യ വനവൽക്കരണ വകുപ്പിന്റെ കീഴിൽ എന്തെങ്കിലും സംവിധാനം ഉണ്ടോ ;

(ഇ) എങ്കിൽ എന്താണെന്ന് വെളിപ്പെടുത്തുമോ ?

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) :

(എ) തൈകൾ ഉൽപ്പാദിപ്പിക്കുന്നതിലും തൈകൾ വിതരണം ചെയ്തതിലും ചില ക്രമക്കേടുകൾ ഉണ്ടായതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly